തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം

നമ്പർ: LSGD/PD/31657/2026-EW5 തീയ്യതി: 25-10-2026

സർക്കുലർ

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് – എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ, പദ്ധതി പുരോഗതി എന്നിവയിൽ സർക്കിൾ ഓഫീസ് തലത്തിലുള്ള അവലോകനം – നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനും കൃത്യമായ നിരീക്ഷണ സംവിധാനം ഉറപ്പാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി, ബന്ധപ്പെട്ട സർക്കിൾ ഓഫീസ് തലത്തിൽ പദ്ധതികളുടെ അവലോകനം കൃത്യമായ ഇടവേളകളിൽ നടത്തുന്നതിനും ബന്ധപ്പെട്ട പ്രോജക്ട് പ്രൊഫോർമകൾ/ഗ്രഗിൾ ഷീറ്റുകൾ എന്നിവയിൽ വിവരങ്ങൾ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പദ്ധതികളുടെ ക്രമമായ അവലോകനം

സർക്കിൾ ഓഫീസിന്റെ അധികാരപരിധിയിലുള്ള വിവിധ പദ്ധതികളുടെ പുരോഗതി നിശ്ചിത ഇടവേളകളിൽ അവലോകനം ചെയ്യേണ്ടതാണ്. പദ്ധതികളുടെ സമയോചിതമായ പൂർത്തീകരണം കൃത്യമായ അവലോകനം മുഖേന ഉറപ്പു വരുത്തേണ്ടതാണ്. പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് കാലതാമസമോ തടസ്സങ്ങളോ ഉണ്ടാകുന്ന പക്ഷം അവ ബന്ധപ്പെട്ട സർക്കിൾ ഓഫീസിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ പരിശോധിച്ച് പ്രശ്നപരിഹാരത്തിനായി ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

2. പ്രോജക്ട് പ്രൊഫോർമ/ഗ്രഗിൾ ഷീറ്റ് അപ്ഡേറ്റ് ചെയ്യൽ

ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി ചീഫ് എഞ്ചിനീയരുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ബന്ധപ്പെട്ട പ്രോജക്ട് പ്രൊഫോർമയിലും നിർദ്ദിഷ്ട **ഗ്രഗിൾ ഷീറ്റിലും** കൃത്യമായും പൂർണ്ണമായും യഥാസമയം രേഖപ്പെടുത്തുണ്ടെന്ന് അതാത് സർക്കിൾ ഓഫീസുകളിൽ നിന്നും ഉറപ്പു വരുത്തേണ്ടതാണ്.

File No. LSGD/PD/31657/2026-EW5 (Computer No. 745846)
Generated from eOffice by Ratheesh R U, DB1 (EW)PD LSGD, DB1 (EW) PD LSGD, PRINCIPAL DIRCTORATE LSGD on 27/10/2026 12:52 PM

3. ഇൻക്രംബൻസി വിവരങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ഇൻക്രംബൻസി വിവരങ്ങൾ കൃത്യമായി P-1317 പെർഫോർമയിൽ രേഖപ്പെടുത്തേണ്ടതും, നിലവിലെ ചുമതലക്കാരന്റെ വിവരങ്ങളിൽ മാറ്റമുണ്ടാകുന്ന മുറയ്ക്ക് പെർഫോർമയിൽ പുതുക്കൽ വരുത്തേണ്ടതുമാണ്.

4. ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്യേണ്ട വിഷയങ്ങൾ

സൂപ്രണ്ടിംഗ് എഞ്ചിനീയർ തലത്തിൽ പരിഹരിക്കാൻ കഴിയാത്തതോ ചീഫ് എഞ്ചിനീയറുടെ/സർക്കാരിന്റെ ഇടപെടൽ/നിർദ്ദേശം ആവശ്യമായതോ ആയ പ്രധാന വിഷയങ്ങൾ വ്യക്തമായ വിശദാംശങ്ങളോടെയും സ്വീകരിച്ച നടപടികളുടെ വിവരങ്ങളോടെയും ചീഫ് എഞ്ചിനീയർക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. പദ്ധതി നിർവഹണത്തെ ഗുരുതരമായി ബാധിക്കുന്ന വിഷയങ്ങൾ, സമയപരിധിക്കുള്ളിൽ പരിഹരിക്കപ്പെടാത്ത തടസ്സങ്ങൾ, നയപരമായ തീരുമാനമോ ഉന്നതതല ഇടപെടലോ ആവശ്യമായ വിഷയങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തരുത്.

5. അവലോകനവും തുടർനടപടികളും

ഓരോ അവലോകനയോഗത്തിലും വിശകലനം ചെയ്യുന്ന പ്രശ്നങ്ങൾ, അവ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, തുടർനടപടികൾക്കു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ, തുടർനടപടികൾ പൂർത്തിയാക്കേണ്ട സമയപരിധി എന്നിവ വ്യക്തമായി മിനിട്സിൽ കൃത്യമായി രേഖപ്പെടുത്തി ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ് . മുൻ അവലോകനയോഗങ്ങളിൽ നിർദ്ദേശിച്ച നടപടികളുടെ പുരോഗതി അടുത്ത അവലോകനയോഗത്തിൽ പരിശോധിക്കുകയും പരിഹരിക്കപ്പെടാത്ത വിഷയങ്ങളിൽ ആവശ്യമായ തുടർനടപടികൾ ഉറപ്പാക്കുകയും വേണം. കൂടാതെ പദ്ധതികളുടെ നിർവഹണത്തിൽ സമയബന്ധിതമായ പുരോഗതി ഉറപ്പാക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുമായും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ഏകോപനം നടത്തേണ്ടതുമാണ്.

6. ചീഫ് എഞ്ചിനീയർ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ

ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ , നിയമസഭാചോദ്യങ്ങൾക്കുള്ള മറുപടി, അടിയന്തിരമായി ലഭിക്കേണ്ട മറ്റു റിപ്പോർട്ടുകൾ എന്നിവ കാലതാമസം കൂടാതെ കൃത്യമായി ലഭിക്കുന്നുണ്ടെന്നു ഉറപ്പാക്കേണ്ടതും , വിവിധ ജില്ലകളിൽ നിന്നും ലഭിക്കുന്ന മറുപടികൾ / റിപ്പോർട്ടുകൾ ക്രോഡീകരിച്ചു ഈ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

Sandeep K G
CHIEF ENGINEER

File No. LSGD/PD/31657/2026-EW5 (Computer No. 745846)

Generated from eOffice by Ratheesh R U, DB1 (EW)PD LSGD, DB1 (EW) PD LSGD, PRINCIPAL DIRCTORATE LSGD on 27/10/2026 12:52 PM